കേൾക്കേണ്ട ശബ്ദം:
കാവി കളസം ധരിക്കുമ്പോൾ തോന്നുന്ന ചൊറിയല്ല ദേശസ്നേഹം.
-കെ.മുരളീധരൻ

മക്തബ്

1192 ധനു 26 | 1438 റ. ഉൽ ആഖിർ 11

ഇത് സർവ്വകലാശാലകളെ മെരുക്കാനുള്ള തന്ത്രം

ചിന്തകളെ ഇല്ലാതാക്കാനുള്ള ഏറ്റവും നല്ല വഴി അതിന്റെ ഉറവിടം തന്നെ ഇല്ലാതാക്കുകയാണെന്ന് ഫാസിസ്റ്റുകൾക്ക് നന്നായി അറിയാമെന്നത് ചരിത്രം. ഇന്ത്യയിലെ സർവ്വകലാശാലകളെ വരുതിയിൽ നിർത്താൻ ഫാസിസ്റ്റുകൾ സജീവ ശ്രമം നടത്തിവരികയാണ്. വിദ്യാർത്ഥികളെയും അധ്യാപകരെയും എതിർപക്ഷത്ത് നിർത്തി ഭീഷണി മുഴക്കുന്നത് പതിവായിട്ടുണ്ട്. അടങ്ങിയൊതുങ്ങി കഴിയണമെന്നമട്ടിലാണ് ഭീഷണി.

ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്ര ഉൽപ്പാദന ഫാക്ടറികളായിരുന്നു എല്ലാ കാലത്തും വിദ്യാഭ്യാസ മേഖല. ഭരണകൂടത്തിന് എന്താണോ ആവശ്യം അതിന് അനുസരിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ നിർമ്മിച്ചെടുക്കൽ മാത്രമല്ല, അവരുടെ വിപണിയുടെ ആവശ്യത്തിനുള്ള തൊഴിൽ സേനയുടെ രൂപീകരണവും ലക്ഷ്യമിട്ടാണ് വിദ്യാഭ്യാസ മേഖലയെ പരുവപ്പെടുത്തിയെടുക്കുക. എന്നാൽ ഭരണകൂടത്തിന്റെ പഠനസാമഗ്രികൾ തന്നെ അവർക്ക് എതിരെ വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തുന്നുവെന്നതും ചരിത്രം. അങ്ങനെയാണ് ചോദിക്കുന്ന തലമുറ ഉദയം ചെയ്യുന്നത്. കാമ്പസിന് പുറത്തെ സാമൂഹ്യചലനങ്ങളിൽ നിന്നുകൂടി അവർ വിദ്യാഭ്യാസം നേടുന്നു. എന്നാൽ കാമ്പസിന് പുറത്തുള്ള പൊതുസമൂഹത്തെ ചലനാത്മകമല്ലാതാക്കുന്നതിൽ ഭരണകൂടം വിജയിച്ചിട്ടുണ്ട്. അരാഷ്ട്രീയവൽക്കരിക്കപ്പെട്ട സമൂഹമാക്കി പരിവർത്തനപ്പെടുത്തിയാണ് അവർ ഇക്കാര്യം സാധ്യമാക്കിയത്. എന്നിട്ടും കാമ്പസുകളിൽ നിന്ന് ചോദിക്കുന്നവരുടെ സുവിശേഷം ഉണ്ടാകുന്നു. പൊതുസമൂഹത്തിലുള്ളതിനെക്കാൾ ചലനാത്മകതയുണ്ട് രാജ്യത്തെ കാമ്പസുകൾക്കിപ്പോൾ. അവിടെ പുതുചിന്തകൾ രൂപപ്പെടുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെ പ്രശ്നങ്ങൾ, പ്രത്യേകിച്ച് ദളിത്, ആദിവാസി, മതന്യൂനപക്ഷങ്ങളുടേത് ഏറ്റവും സജീവമായി ഉന്നയിക്കപ്പെടുന്നത് സർവ്വകലാശാലകളിലാണ്. അംബേദ്ക്കറിസ്റ്റ് വിദ്യാർത്ഥി മുന്നേറ്റവും റാഡിക്കലായ മറ്റ് ചില വിദ്യാർത്ഥി മുന്നേറ്റങ്ങളും ഇന്ത്യയിലെ പല സർവ്വകലാശാലകളെയും പ്രക്ഷുബ്ധമാക്കുകയാണ്. ജെ.എൻ.യു ഡൽഹി സർവ്വകലാശാല,ഹൈദരാബാദ് സർവ്വകലാശാല തുടങ്ങിയവയിൽ നടന്ന അതിശക്തമായ വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ വാർത്തകളാണ് കഴിഞ്ഞ വർഷം മാധ്യമങ്ങളിൽ നിറഞ്ഞുനിന്നത്. അതിനൊപ്പം ഭൂരിപക്ഷം അധ്യാപകരും അണിചേർന്നു. പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിനെ കാവി പുതപ്പിക്കാനുള്ള നീക്കത്തിന് എതിരെ അവിടത്തെ വിദ്യാർത്ഥികൾ നടത്തിയ പ്രക്ഷോഭം പരാജയപ്പെട്ടുവെങ്കിലും അതിന്റെ അലയൊലികൾ ഇന്ത്യയിലെ സർവ്വകലാശാലകളിൽ മുഴുവൻ എത്തുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ വേണം എം.ഫിൽ ഉൾപ്പെടെ ഗവേഷണ ബിരുദങ്ങളിലേക്കുള്ള പ്രവേശനത്തിന് യു.ജി.സി പുറപ്പെടുവിച്ച പുതിയ മാനദണ്ഡങ്ങളെ വിലയിരുത്തേണ്ടത്. ഗവേഷണ ബിരുദ പ്രവേശനത്തിന് എഴുത്തുപരീക്ഷക്ക് എഴുപതുമാർക്കും അഭിമുഖത്തിന് 30 മാർക്കും എന്നതായിരുന്നു നിലവിലുള്ള മാനദണ്ഡം. എഴുത്തുപരീക്ഷയെക്കാൾ അഭിമുഖത്തിന് പ്രധാന്യം നൽകുന്ന പുതിയ മാനദണ്ഡം കൊണ്ടുവന്നിരിക്കുകയാണ്. എഴുത്തുപരീക്ഷയിൽ പൊതുവിഭാഗത്തിന് 55 ശതമാനം മാർക്കും സംവരണ വിഭാഗക്കാർക്ക് 50 ശതമാനം മാർക്കുമാണ് പുതിയ മാനദണ്ഡം. തുടർന്ന് അഭിമുഖത്തിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം. ഫലത്തിൽ പ്രവേശനം അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാകും.

നിലവിൽ അഭിമുഖത്തിന് 30 ശതമാനം മാർക്ക് മാത്രമുള്ള അവസ്ഥയിൽ പോലും ഇന്ത്യയിലെ സർവ്വകലാശാലകളിൽ സംവരണ വിഭാഗത്തിൽപ്പെട്ടവർ പിന്തള്ളപ്പെടുകൊണ്ടിരിക്കുകയാണ്. പുതിയ സാഹചര്യത്തിൽ സംവരണ വിഭാഗക്കാർ പൂർണ്ണമായും തഴയപ്പെടും. അധികൃതർക്ക് വേണ്ടപ്പെട്ടവരെ തിരുകി കയറ്റാൻ കഴിയും.

ബ്രാഹ്മണിക്കൽ പ്രത്യയശാസ്ത്രം ഉൾക്കൊള്ളുന്ന കേന്ദ്ര ഭരണത്തിൻ കീഴിൽ ദളിത് വിദ്യാർത്ഥികൾക്ക് പഠനം പോലും ദുഷ്ക്കരമായിട്ടുണ്ട്. കേന്ദ്ര ഭരണക്കാർ സംവരണത്തിന് എതിരാണെന്ന് പലപ്പോഴും തുറന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ അത് നടപ്പിലാക്കാൻ കഴിയാതെ പോകുന്നത് ജനങ്ങളെ ഭയന്നിട്ടാണ്. നാടകീയവും വികാരപരവുമായി പൊള്ളയായ കാര്യങ്ങൾ അവതരിപ്പിക്കുന്ന പിന്നോക്കക്കാരനായ ഒരാളെ പ്രധാനമന്ത്രിയായി വാഴിച്ചുകൊണ്ടാണ് ബ്രാഹ്മണിക്കൽ ശക്തികൾ അവരുടെ അജണ്ട നടപ്പിലാക്കുന്നതെന്ന ക്രൂരമായ തമാശയുമുണ്ട്. 2012ന് ശേഷം ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ 250 ഓളം ദളിത് വിദ്യാർത്ഥികൾ ജീവനൊടുക്കിയിട്ടുണ്ട്. നേരത്തെ തന്നെ ഇന്ത്യൻ ഭരണകൂടത്തിൽ ആധിപത്യം പുലർത്തുന്ന ബ്രാഹ്മണിക്കൽ ശക്തികൾ മോദി അധികാരത്തിൽ വന്നതോടെ അത് തീവ്രമാക്കിയിട്ടുണ്ട്. രോഹിത് വെമുലയ്ക്ക് മുമ്പേ ഹൈദരാബാദ് കേന്ദ്ര സർവ്വകലാശാലയിൽ ഒമ്പത് വിദ്യാർത്ഥികളാണ് ആത്മഹത്യ ചെയ്തത്. ഒറീസയിൽ പഠിക്കുന്ന 60ഓളം ദളിത് വിദ്യാർത്ഥികളെ ഗ്രാന്റ് നൽകാതെ പീഡിപ്പിച്ചത് 2016ലാണ്. ഗ്രാന്റ് നേടിയാണ് ദളിത് വിദ്യാർത്ഥികൾ പഠനം മുന്നോട്ടുകൊണ്ടുപോകുന്നത്. ഗ്രാന്റ് നിഷേധത്തെ തുടർന്ന് ജീവിതം വഴിമുട്ടിയപ്പോഴായിരുന്നു രോഹിത് വെമുല ജീവനൊടുക്കിയത്.

ഒരുവശത്ത് ഇത്തരം ഹീനമായ നടപടികൾ തുടരുമ്പോഴാണ് മറുവശത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംവരണ സമുദായക്കാർ എത്താതിരിക്കാനുള്ള പുതിയ മാനദണ്ഡങ്ങൾ അവതരിപ്പിക്കുന്നത്. സർവ്വകലാശാലകളിൽ ദളിത് വിദ്യാർത്ഥികൾ പഠിച്ചിറങ്ങുന്നതിനെ ഭരണകൂടം ഭയപ്പെടുകയാണ്. കാരണം ഈ വിദ്യാർത്ഥികൾ ബ്രാഹ്മണിക്കൽ വ്യവസ്ഥയുടെ കഥകഴിക്കാൻ സമൂഹത്തെ പ്രാപ്തരാക്കാൻ കരുത്തുള്ളവരാണെന്ന് ഭരണകൂടത്തിന് അറിയാം.

കണ്ണൂർ ജില്ല ശരീര സൗന്ദര്യ മത്സരത്തിൽ 80 കിലോ ഗ്രാം വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ പി.ലിനീഷ് (പവർ ജിം സ്ഥിതി നഗർ, തളിപ്പറമ്പ).

എം. എസ്. എഫ് ചങ്ങാതിക്കൂട്ടം

ആലക്കോട്: എം.എസ്.എഫ് റയറോം ശാഖാ കമ്മിറ്റി ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ചങ്ങാതിക്കൂട്ടം 29ന് രാവിലെ 9 മണി മുതൽ റയറോം പരീത് സാഹിബ് നഗറിൽ നടക്കും. ചിത്രപ്രദർശനം, ചിത്രരചന മത്സരം, വിദ്യാർത്ഥികൾക്കായി വിവിധ കലാകായിക മത്സരങ്ങൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടക്കും.

ക്ഷേത്ര ഭാരവാഹികൾ

മുള്ളൂൽ: കന്നിക്കൊരുമകൻ ക്ഷേത്ര ഭാരവാഹികളായി വി.വി. ലക്ഷ്മണൻ (പ്രസിഡണ്ട്), പി.പി.മോഹനൻ (വൈസ് പ്രസിഡണ്ട്), എം.കൃഷ്ണദാസ് (ജന. സെക്രട്ടറി), എൻ.വി.രത്നാകരൻ, യു.വി.രാമകൃഷ്ണൻ, വി.വി.ശശി (സെക്രട്ടറി), പി.പി.മധുസൂദനൻ (ട്രഷറർ), വി.വി.ജനാർദ്ദനൻ, പി.പി.ദാമോദരൻ, സി.ബാലകൃഷ്ണൻ (രക്ഷാധികാരി) എന്നിവരെ തെരഞ്ഞെടുത്തു.

മാതൃക വാർഷികാഘോഷം

തളിപ്പറമ്പ: പരിയാരം തൊണ്ടന്നൂർ മാതൃക സാശ്രയ സംഘം രണ്ടാം വാർഷിക ആഘോഷം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പി. രഞ്ചിത്ത് ഉദ്ഘാടനം ചെയ്തു. കെ. പ്രകാശൻ അധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം.ടി. മനോഹരൻ, ലക്ഷ്മണൻ പവിഴക്കുന്നിൽ പ്രസംഗിച്ചു. വി.വി. വേണുഗോപാൽ സ്വാഗതവും എൻ. സുരേഷ് നന്ദിയും പറഞ്ഞു. തുടർന്ന് നൃത്തഗാന സന്ധ്യ അരങ്ങേറി.

ഹിപ്പിക്കവലയിൽ നടന്ന ജീപ്പ് റൈഡിംഗിൽ നിന്നും

മലയോരത്തിന് പുതുമയായി സാഹസിക ഡ്രൈവിംഗ് പ്രകടനം

ആലക്കോട്: മലയോര മേഖലയിൽ ആദ്യമായി നടന്ന സാഹസിക ജീപ്പ് റൈഡിംഗ് നാടിന് പുതുമയായി. വെള്ളാട് പൂവന്നൂർ റോഡിന് സമീപം ഹിപ്പിക്കവലയിൽ പ്രത്യേകമായി തയ്യാറാക്കിയ മൺറോഡിലാണ് കാണികൾക്ക് സാഹസിക ഡ്രൈവിംഗിന്റെ പുത്തൻകാഴ്ചകൾ സമ്മാനിച്ചുള്ള ജീപ്പ് ഡ്രൈവിംഗ് അരങ്ങേറിയത്. കണ്ണൂർ റൈഡേഴ്സ് ആന്റ് ഓഫ് റോഡേഴ്സ് ക്ലബിന്റെ നേതൃത്വത്തിലാണ് മൽസരം സംഘടിപ്പിച്ചത്. കേരളത്തിന് പുറമെ തമിഴ്നാട്, ആന്ധ്ര, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും ജീപ്പുകളുമായി നിരവധിപ്പേർ സാഹസിക ഡ്രൈവിംഗിൽ പങ്കെടുക്കുന്നതിനായി എത്തിയിരുന്നു. കുണ്ടും കുഴികളും നിറഞ്ഞ മൺട്രാക്ക് പ്രത്യേകമായി ഒരുക്കിയാണ് റൈഡിംഗ് നടത്തിയത്. മൽസരം കാണുന്നതിനായി നൂറുകണക്കിനാളുകളാണ് ഹിപ്പിക്കവലയിലേക്ക് ഒഴുകിയെത്തിയത്. വൻതുകയാണ് സമ്മാനതുകയായി സംഘാടകർ ഒരുക്കിയത്.

വനിത ലീഗ് കമ്മിറ്റി നിലവിൽ വന്നു

ചാലാട്: പള്ളിക്കുന്ന് മേഖല വനിതാ ലീഗ് കമ്മിറ്റി നിലവിൽ വന്നു. ഭാരവാഹികളായി വി.കെ. റംനാസ് (പ്രസിഡണ്ട്), പി. ജുബൈരിയത്ത് (ജനറൽ സെക്രട്ടറി), എം.എൽ. രാഹിന (ട്രഷറർ), ബി.കെ. ഖദീജ, തൈക്കണ്ടി നസീമ (വൈസ് പ്രസിഡണ്ട്), കെ.വി. ഷാഹിന, പി.പി. ബീവി (സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു. തളാപ്പ് മുസ്ലിംലീഗ് ഓഫീസിൽ ചേർന്ന കൗൺസിൽ യോഗത്തിൽ സി.കെ. അബ്ദുൾഖാദർ അധ്യക്ഷത വഹിച്ചു. മണ്ഡലം മുസ്ലിംലീഗ് വൈസ് പ്രസിഡണ്ട് ടി.കെ. ഹുസൈൻ ഉദ്ഘാടനം ചെയ്തു. റിട്ടേണിംഗ് ഓഫീസർ സി.എച്ച്. അബ്ദുസ്സലാം തിരഞ്ഞെടുപ്പ് നിയന്ത്രിച്ചു. കോർപ്പറേഷൻ കൗൺസിലർമാരായ സി.എച്ച്. നസ്രത്ത്, പി. ഷാന എന്നിവരും കെ.വി. ഷാലിമ, കെ.പി. അബ്ദുൽമജീദ്, ബി.കെ. ഹാരിസ്, ടി.കെ. നിസാർ, കെ. ഉമ്മർ, വി.കെ. സഹീദ്, നാസർ ചാലാട് പ്രസംഗിച്ചു.

കുഞ്ഞികൃഷ്ണൻ മാസ്റ്റരെ അനുസ്മരിച്ചു

നടുവിൽ: സെൻട്രൽ ലൈബ്രറി നടുവിലിന്റെയും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒ. കുഞ്ഞികൃഷ്ണൻ മാസ്റ്റർ അനുസ്മരണം നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.അബ്ദുള്ള അധ്യക്ഷത വഹിച്ചു. ടി.എ. വാസുദേവൻ മാസ്റ്റർ, ബേബി ഓടമ്പള്ളിൽ, ഷീബ ജയരാജൻ, കെ. പി.അബ്ദുൾ ഖുക്കൂർ, കെ.പി.മമ്മായീൻ, കെ.വി.മാധവൻ പ്രസംഗിച്ചു. ഫോട്ടോ അനാഛാദനം കെ.അബ്ദുള്ള നിർവഹിച്ചു. കെ.വി. ഹരിദാസ് സ്വാഗതവും കെ.പി.ഫൽഗുനൻ നന്ദിയും പറഞ്ഞു

വ്യാജ മദ്യ – മയക്കുമരുന്ന് വിൽപ്പനയെ കുറിച്ച് വിവരം അറിയിക്കണം

ആലക്കോട്: മലയോര മേഖലയിൽ വ്യാപകമായിരിക്കുന്ന വ്യാജമദ്യ - മയക്കുമരുന്ന് വിൽപ്പന തടയുന്നതിന് എക്സൈസ് അധികൃതർ പൊതുജനങ്ങളുടെ സഹായം തേടി ചാരായം, വ്യാജമദ്യം, മയക്ക് മരുന്ന്, പാൻമസാല എന്നിവയുടെ വിൽപ്പനയെക്കുറിച്ച് വിവരം ലഭിക്കുന്നവർ 9400069705 എന്ന നമ്പറിലേക്ക് വിളിച്ച് അറിയിക്കണമെന്ന് ആലക്കോട് എക്സൈസ് ഇൻസ്പെക്ടർ അറിയിച്ചു. ഇതു സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണെന്നും പൊതുജനങ്ങൾ സഹകരിക്കണമെന്നും അഭ്യർത്ഥിച്ചു.

ചാണോക്കുണ്ട് കരുണാപുരം സെന്റ് ജൂഡ്സ് ദേവാലയ തിരുനാളിന് സമാപനം കുറിച്ച് നടന്ന പ്രദക്ഷിണം

ആലക്കോട് കുടുംബ വിശുദ്ധീകരണ ബൈബിൾ കൺവെൻഷൻ നാളെ മുതൽ

ആലക്കോട്: ആലക്കോട് സെന്റ് മേരീസ് ഫെറോനയുടെ ആഭിമുഖ്യത്തിലുള്ള കുടുംബ വിശുദ്ധീകരണ ബൈബിൾ കൺവെൻഷൻ 11 മുതൽ 15 വരെ ആലക്കോട് മേരി മാതാ കോളേജ് ഗ്രൗണ്ടിൽ നടക്കും. എല്ലാ ദിവസവും ഉച്ച കഴിഞ്ഞ് മൂന്ന് മണി മുതൽ രാത്രി 9.30 വരെയാണ് കൺവെൻഷൻ. മുരിങ്ങൂർ പോട്ട ഡിവൈൻ ധ്യാന കേന്ദ്രം ഡയറക്ടർ ഫാ. മാത്യു ഇലവുങ്കൽ ധ്യാനം നയിക്കും. രോഗശാന്തി ശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന, ജപമാല, ദിവ്യബലി, വചന പ്രഘോഷണം എന്നിവ കൺവെൻഷന്റെ ഭാഗമായി നടക്കും. സമാപന ദിവസത്തെ ദിവ്യബലിക്ക് തലശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് കാർമ്മികത്വം വഹിക്കും. എല്ലാ ദിവസവും കൺവെൻഷന് ശേഷം ചെറുപുഴ, തേർത്തല്ലി, രയരോം, കാർത്തികപുരം, മണക്കടവ്, മാമ്പൊയിൽ, ചീക്കാട്, ഉദയഗിരി, അരിവിളഞ്ഞപൊയിൽ, താളിപ്പാറ, കാപ്പിമല, ഒറ്റത്തെറ, നെല്ലിക്കുന്ന്, പാത്തൻപാറ, കുറ്റിപ്പുഴ, കരുവഞ്ചാൽ, വെള്ളാട്, നടുവിൽ തുടങ്ങിയ സ്ഥലങ്ങളിലേക്ക് വാഹന സൗകര്യം ലഭ്യമായിരിക്കുമെന്ന് കൺവെൻഷൻ കമ്മിറ്റി അറിയിച്ചു. നീണ്ട വർഷങ്ങൾക്ക് ശേഷമാണ് ആലക്കോട് വീണ്ടുമൊരു ബൈബിൾ കൺവെൻഷന് വേദിയാകുന്നത്.

പയ്യന്നൂർ മണ്ഡലത്തിലെ പ്രൈമറി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നു

പയ്യന്നൂർ: പയ്യന്നൂർ എം.എൽ.എ സി. കൃഷ്ണന്റെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ 19 പ്രൈമറി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടിയുള്ള കർമ്മ പദ്ധതികൾ അധ്യാപകരും രക്ഷാകർത്താക്കളും ജന പ്രതിനിധികളും ചർച്ച ചെയ്ത് അംഗീകരിച്ചു.

പയ്യന്നൂർ മുനിസിപ്പൽ ചെയർമാൻ അഡ്വ. ശശി വട്ടക്കൊവ്വൽ അധ്യക്ഷത വഹിച്ചു. സി. കൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഡയറ്റ് ലക്ചറർ ഡോ. എം. ബാലൻ പദ്ധതി രേഖ അവതരിപ്പിച്ചു. പ്രൊഫ. ടി.പി. ശ്രീധരൻ, ഡോ. രാമന്തളി രവി, പി. സുഗുണൻ എന്നിവർ ചർച്ചയ്ക്ക് നേതൃത്വം നൽകി. രാമന്തളി പഞ്ചായത്ത് പ്രസിഡണ്ട് എം.വി. ഗോവിന്ദൻ, മുനിസിപ്പൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബാലൻ, അഡ്വ. കെ. പി. രമേശൻ, പി.വി. നാരായണൻ മാസ്റ്റർ പങ്കെടുത്തു.

കടമ്പൂരാന്റെ നിര്യാണത്തിൽ അനുശോചിച്ചു

കണ്ണൂർ: കെ.സി. കടമ്പൂരാന്റെ നിര്യാണത്തിൽ മാധവറാവു സിന്ധ്യാ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് ഭരണസമിതി അനുശോചിച്ചു.

ആറളം പത്താം ബ്ലോക്കിലെ പള്ളത്ത് ജാനകിയുടെ വീട്ടിൽ നിന്ന് 12 അടി നീളമുള്ള രാജവെമ്പാലയെ കുറ്റിക്കോലിലെ എം.പി. ചന്ദ്രൻ പിടികൂടിയപ്പോൾ.

സമഗ്ര കുടിവെള്ള പദ്ധതി ഉദ്ഘാടനം 20ന്

പഴയങ്ങാടി: മാടായി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കുന്ന മാടായി സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഉദ്ഘാടനം 20ന് ഉച്ചക്ക് 2.30ന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസ് നിർവഹിക്കും. ടി.വി.രാജേഷ് എം.എൽ.എ അധ്യക്ഷത വഹിക്കും. സംഘാടക സമിതി രൂപീകരണ യോഗം ചേർന്നു. വി.വിനോദ് സ്വാഗതം പറഞ്ഞു. എസ്.കെ. ആബിദ അധ്യക്ഷത വഹിച്ചു. പദ്ധതിയെ സംബന്ധിച്ച് വാട്ടർ അതോറിറ്റി എക്സി എഞ്ചിനീയർ എ.വി.പ്രകാശൻ വിശദീകരിച്ചു. ജില്ലാ പഞ്ചായത്തംഗം ആർ.അജിത, എം.പവിത്രൻ, പി.എസ്.സുബിൻ സംസാരിച്ചു.

സംഘാടക സമിതി: പി.കരുണാകരൻ എം.പി, ടി.വി.രാജേഷ് എം.എൽ.എ, ആർ.അജിത, അൻസാരി തില്ലങ്കേരി (രക്ഷാധികാരി), വി.വി.പ്രതീ (ചെയർമാൻ) എ.വി.പ്രകാശൻ (കൺവീനർ).

ജുന്ന സാധുസഹായ സമിതി കുഴൽക്കിണറിന്റെ കുറ്റി അടിക്കൽ കർമ്മം പാണക്കാട് ഹമീദലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു

കേരള സർക്കാർ ദർഘാസുകൾ

02/01/2017 മുതൽ 08/01/2017 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

പൊതുമരാമത്ത് വകുപ്പ്

ദർഘാസ് നം: 2017_PWD_100868_1
Executive engineer pwd roads division kannur
Retender - SR - Urgent between Km. 0/250 to 0/450 Link road connecting Puthiyangadi Juma Masjid HS-Ambedkar Colo..
അവസാനതീയതി: 17-Jan-2017 06:00 PM **അടങ്കൽ:** ` 9,00,740

ദർഘാസ് നം: 2017_PWD_100883_1
Executive engineer pwd roads division kannur
Retender - OR 2016-17 Providing strip BT patch to Padiyottuchal-Cherupara-Thimiri- Perumbadave road from Km. 4/..
അവസാനതീയതി: 17-Jan-2017 06:00 PM **അടങ്കൽ:** ` 13,57,222

ദർഘാസ് നം: 2017_PWD_100897_1
Executive engineer pwd roads division kannur
Retender - Reconstruction of drain in between Km. 0/050 to 0/250 of Pazhyangadi-Pazhyangadi Railway Station appro..
അവസാനതീയതി: 17-Jan-2017 06:00 PM **അടങ്കൽ:** ` 9,00,003

ദർഘാസ് നം: 2017_PWD_100937_1
Executive engineer pwd roads division kannur
Retender - Investigation -KIIFB - Stimulus Package- Improvements to Chovva-Mattannur road from Km. 0/000 to 23/023
അവസാനതീയതി: 17-Jan-2017 06:00 PM **അടങ്കൽ:** ` 9,02,496

ദർഘാസ് നം: 2017_PWD_100949_1
Executive engineer pwd roads division kannur
Retender- Investigation -Improvements and providing BM AND BC Taliparamba- Manna- Vellavu- Kuttiyeri- Panangatto..
അവസാനതീയതി: 17-Jan-2017 06:00 PM **അടങ്കൽ:** ` 5,99,746

ദർഘാസ് നം: 2017_PWD_100954_1
Executive engineer pwd roads division kannur
Retender- Investigation KIIFB -Improvements including BM and BC to Kaniyarvayal- Kanhilery- Thirur-Thermala- Ul..
അവസാനതീയതി: 17-Jan-2017 06:00 PM **അടങ്കൽ:** ` 5,94,894

ദർഘാസ് നം: 2016_PWD_95636_2
Executive Engineer
PWD Infrastructure Developmenn works as part of Special Investment Scheme-KIIF-B-Investigation Estimate for prepa..
അവസാനതീയതി: 16-Jan-2017 06:00 PM **അടങ്കൽ:** ` 22,79,238

ദർഘാസ് നം: 2016_PWD_95642_2
Executive Engineer
Investigation Estimate for KIIF-B 2016-17 Improvements to Hosdurg-Panathur road by providing BM and BC from KM 24..
അവസാനതീയതി: 16-Jan-2017 06:00 PM **അടങ്കൽ:** ` 10,03,900

ദർഘാസ് നം: 2016_PWD_95422_2
Executive Engineer
PWD KIIFB 2016 17 Investigation estimate for Nilewharam Edathode road km 0 00 to 13 00 in Kasaragod District
അവസാനതീയതി: 16-Jan-2017 06:00 PM **അടങ്കൽ:** ` 5,84,819

ദർഘാസ് നം: 2016_PWD_95454_2
Executive Engineer
PWD KIIFB 2016 17 Investigation estimation for Kayyur Chembrakanam Palakunnu road km 0 00 12 035 in Kasaragod D..
അവസാനതീയതി: 16-Jan-2017 06:00 PM **അടങ്കൽ:** ` 5,51,170

ദർഘാസ് നം: 2016_PWD_95532_2
Executive Engineer
KIIFB - Investigation work - Improvements and upgradation of Beenachi-Panamaram road
അവസാനതീയതി: 13-Jan-2017 05:00 PM **അടങ്കൽ:** ` 9,25,342

ദർഘാസ് നം: 2016_PWD_95632_2
Executive Engineer
KIIFB-Investigatoin work - Kalpetta-Varambetta road
അവസാനതീയതി: 13-Jan-2017 05:00 PM **അടങ്കൽ:** ` 6,77,625

ദർഘാസ് നം: 2017_PWD_100454_1
Executive Engineer PWD Roads Division Alappuzha
SLTF 2016.17 Painting of bridges, culverts etc and repair work of bridge
അവസാനതീയതി: 13-Jan-2017 05:00 PM **അടങ്കൽ:** ` 13,56,931

ദർഘാസ് നം: 2017_PWD_100184_1
Executive Engineer PWD Roads Division Alappuzha
SLTF 2016 17 Minor works Providing bit chipping carpet to Kollakadavu Kulanada road at ch2/500 to 6/200
അവസാനതീയതി: 13-Jan-2017 05:00 PM **അടങ്കൽ:** ` 13,38,594

ദർഘാസ് നം: 2017_PWD_100958_1
Executive Engineer
PWD Infrastructure Development works a part of special investment scheme KIIFB Investigation work for preparin..
അവസാനതീയതി: 16-Jan-2017 02:00 PM **അടങ്കൽ:** ` 6,87,603

സ്റ്റേഷനറി വകുപ്പ്

ദർഘാസ് നം: 2017_STY_100747_1
Controller of Stationery
Supply of Super Printing Paper, 75 gsm x 86 cm width (Reel)
അവസാനതീയതി: 27-Jan-2017 12:00 PM **അടങ്കൽ:** ` 16,00,000

ഒരോ ദർഘാസ് പരസ്യത്തിന്റെയും പൂർണ്ണരൂപം അതത് ഓഫീസിൽ ലഭ്യമാണ്
വിശദവിവരങ്ങൾക്ക് **http://etenders.kerala.gov.in** സന്ദർശിക്കുക
Ro.No: 02-08/Jan/2017/PRD/7